# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2329** 8.03.2017-ൽ **മറുപടിക്ക്**

ഇൻസുലേറ്റഡ് കേബിളുകൾ സ്ഥാപിക്കാൻ നടപടി

| | ചോദ്യം<br>ശ്രീ. തോമസ് ചാണ്ടി : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സമുദ്ര നിരപ്പിൽ നിന്നും താഴെ സ്ഥിതി ചെയ്യുന്ന കുട്ടനാട്ടിലെ പാടശേഖരങ്ങളിലേത് ഉൾപ്പെടെയുള്ള വൈദ്യുത ലൈനുകൾ ഇൻസുലേറ്റഡ് കേബിളുകൾ (എ ബി എസ്) ആക്കി മാറ്റുവാൻ നടപടികൾ സ്വീകരിക്കുമോ; | (എ) & (ബി) | കുട്ടനാട് പുഞ്ചപ്രദേശങ്ങളിൽ വൈദ്യുത ലൈനിൽ നിന്നുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിനും വൈദ്യുതി തടസ്സങ്ങൾ കുറയ്ക്കുന്നതിനും പ്രത്യേക പാക്കേജുകൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ വൈദ്യുത ലൈനുകൾ തമ്മിൽ നിശ്ചിത അകലം പാലിക്കുന്നതിനും, ഇൻസുലേറ്റഡ് കേബിളുകൾ ഉപയോഗിക്കുന്നതിനും ഉള്ള പ്രവൃത്തികൾ ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ എല്ലാ സാഹചര്യങ്ങളിലും ABC ഉൾപ്പെടെയുള്ള വളരെ ചിലവേറിയ ഇൻസുലേറ്റഡ് കേബിളുകൾ ഉപയോഗിക്കുക പ്രായോഗികമല്ല. ഏതെങ്കിലും കേന്ദ്ര-സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തിയോ ജനപ്രതിനിധികളുടെ വികസന ഫണ്ട് ഉപയോഗിച്ചോ ഇൻസുലേറ്റഡ് കേബിളുകൾ സ്ഥാപിക്കാവുന്നതാണ്. |
| (ബി) | വെള്ളപ്പൊക്ക കാലങ്ങളിൽ വൈദ്യുത ഷോക്കേറ്റ് നിരവധി മരണങ്ങൾ ഉണ്ടാകുന്നതു തടയാൻ യുദ്ധകാലാടിസ്ഥാനത്തിൽ ഇത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ ? | | |

Hemalatha

**സെക്ഷൻ ഓഫീസർ**